**യണ്ഘ്രാണഭക്ഷോ വിഹിത: സുരായാസ്തഥാ പശോരാലഭനം ന ഹിംസാ**
**ഏവം വ്യവായ: പ്രജയാ ന രത്യാ ഇമം വിശുദ്ധം ന വിദു: സ്വധർമ്മം (11-5-13)**
**യേ ത്വനേവം വിദോ*f*സന്ത: സ്തബ്ധാ: സദഭിമാനിന:**
**പശൂൻ ദ്രുഹ്യന്തി വിസ്രബ്ധാ: പ്രേത്യ ഖാദന്തി തേ ച താൻ (11-5-14)**
**ധ്യേയം സദാ പരിഭവഘ്നമഭീഷ്ടദോഹം**
**തീർത്ഥാസ്പദം ശിവവിരിഞ്ചിനുതം ശരണ്യം**
**ഭൃത്യാർത്തിഹം പ്രണതപാല ഭവാബ്ധി പോതം**
**വന്ദേ മഹാപുരുഷ തേ ചരണാരവിന്ദം (11-5-33)**
**കലിം സഭാജയന്ത്യാര്യാ ഗുണജ്ഞാ: സാരഭാഗിന:**
**യത്ര സങ്കീർത്തനേനൈവ സർവ്വ: സ്വാർത്ഥോ*f*ഭി ലഭ്യതേ (11-5-36)**

*ചാമസമുനി പറഞ്ഞു:* ഭഗവാൻെറ അവയവങ്ങളിൽ നിന്നും മനുഷ്യൻെറ നാലു വിഭാഗങ്ങൾ ജനിച്ചു- ബ്രാഹ്മണർ, ക്ഷത്രിയർ, വൈശ്യർ, ശൂദ്രർ. ഇവരിൽ ആരാണോ ഭഗവാൻ ഹരിയെ ആരാധിക്കാത്തത്, അവർ മനുഷ്യജൻമം പാഴാക്കി നരകത്തിൽ പതിക്കുന്നു. വേദപഠനാർഹതയുള്ള ബ്രാഹ്മണന് ആത്മജ്ഞാനത്തിനുള്ള ഉപാധി വേദപഠനമാണല്ലോ. എന്നാൽ അവർ വേദങ്ങളെ തെറ്റായരിതിയിൽ വായിച്ചു വ്യാഖ്യാനിക്കുകയും വൈദീകനിരോധനങ്ങളെ അവഗണിച്ച് മദ്യപിക്കുകയും മൃഗബലി നടത്തുകയും ലൈംഗീകതക്കടിമപ്പെടുകയും ചെയ്യുന്നു. വേദങ്ങൾ ഒരു സൗജന്യമെന്ന നിലയിൽ ഇവയെല്ലാം ആത്മനിയന്ത്രണമില്ലാത്ത അജ്ഞാനികൾക്കനുവദിച്ചു കൊടുത്തിട്ടുണ്ടെങ്കിലും മദ്യം മണക്കാൻ മാത്രവും മൃഗങ്ങൾ യാഗശാലയെ അലങ്കരിക്കാൻ മാത്രവും ലൈംഗീകാസ്വാദനം സന്താനോൽപ്പാദനാർത്ഥം മാത്രവും ആയിരിക്കണം. ഇതിനെപ്പറ്റി വിവരമില്ലാത്തവർ ധാർഷ്ട്ര്യത്തോടെ സ്വയം ജ്ഞാനികളെന്നു നടിച്ച് മൃഗങ്ങളെ കൊല്ലുന്നു. എന്നാൽ അവയോ ഇഹലോകം വെടിയുമ്പോൾ ഇവരെ കൊല്ലുകയും ചെയ്യുന്നു. അതുപോലെ ഭഗവൽഭക്തരെയും ഭഗവാനെത്തന്നെയും വെറുക്കുകയും നശ്വരമായ ശരീരത്തോട് ആസക്തരായിരിക്കുകയും ചെയ്യുന്നവരും താത്വീകമായി സത്യജ്ഞാനം അറിവുണ്ടെങ്കിലും ലൗകീകതയോട് ആസക്തി പൂണ്ടിരിക്കുന്നവരും വികാസ പരിണാമത്തിൻെറ പാതയിൽ താഴേയ്ക്കു പോകുന്നു.

*കരഭജനൻ പറഞ്ഞു:* സത്യയുഗത്തിൽ ഭഗവാന് ധവളനിറമായിരുന്നു. സമമാനസരും ശാന്തശീലരുമായവർ ഭഗവാനെ തപശ്ചര്യയിലൂടെയും മറ്റും ആരാധിച്ചു. ത്രേതായുഗത്തിൽ ഭഗവാന് ചുവപ്പുകലർന്ന നീലനിറമായിരുന്നു. വൈദീകയാഗങ്ങളിലൂടെ വേദം പഠിച്ചവർ ഭഗവാനെ പൂജിച്ചു. ദ്വാപരയുഗത്തിൽ ഭഗവാന് കടുംതവിട്ടുനിറമായിരുന്നു. മനുഷ്യർ വൈദികയാഗങ്ങളിലൂടെയും താന്ത്രികവിദ്യകളിലൂടെയും ഭഗവാനെ ആരാധിച്ചു. കലിയുഗത്തിൽ ഭഗവാൻെറ നിറം കറുപ്പേറിയതത്രെ. ഭഗവാൻെറ മഹിമകൾ പാടി മനുഷ്യർ ആരാധന ചെയ്യുന്നു. അവിടുത്തെ പാദങ്ങളിൽ ഞാനഭയം തേടുന്നു. അല്ലയോ ഭഗവാനേ, ആ പാദങ്ങൾ ഞങ്ങളുടെ ദുരിതങ്ങളെ അകറ്റി അഭീഷ്ടങ്ങളെ സാധിപ്പിച്ചു തരുന്നു. പവിത്രതയുടെ ഉറവിടമായ അവ ദേവൻമാരാൽ ആരാധിക്കപ്പെടുന്നു. അവ ഭക്തൻെറ യാതനകളെ അകറ്റുന്നു. സംസാരസാഗരം തരണം ചെയ്യാനുള്ള -പ്രാപഞ്ചികമായ അസ്തിത്വത്തിനപ്പുറത്തേക്ക് പോകാനുള്ള - വഞ്ചിയാണവ. വാസ്തവത്തിൽ ഭഗവാൻ തൻെറ ഭക്തർക്ക് ഈ യുഗത്തിൽ ക്ഷിപ്രപ്രസാദിയത്രെ. വിവേകശാലികൾ, ഭഗവൽമഹിമകളെ വാഴ്ത്തിയും നാമങ്ങൾ പാടിയും അവിടുത്തെ സാക്ഷാത്കരിക്കാനാവുന്ന ഈ കലിയുഗത്തെ സ്തുതിക്കുന്നു. ദക്ഷിണേന്ത്യയിൽ ഭഗവൽഭക്തരായ അനേകംപേർ ഉണ്ടാവും. ഇവർ ലൗകീകതയെല്ലാം വെടിഞ്ഞ് ഭഗവാനിലഭയം പ്രാപിച്ച് ക്ഷണനേരത്തിൽ ദേവൻമാരോടും മഹർഷിമാരോടും പിതാമഹാൻമാരോടുമുള്ള കടപ്പാടുകൾക്കെല്ലാം അതീതരാവുന്നു. അങ്ങിനെയുള്ള ഭക്തൻ ചെയ്യുന്ന പാപങ്ങൾപോലും ഭക്തിയാൽ കഴുകപ്പെടുന്നു.

*ശുകമുനി തുടർന്നു:* വസുദേവരോട്, ശ്രീകൃഷ്ണൻ ഭഗവാൻെറ അവതാരമാണെന്നുള്ള വസ്തുത നാരദൻ വീണ്ടും ഓർമ്മിപ്പിച്ചു. ഈ വാക്കുകൾ കേട്ട് ദേവകിയും വസുദേവനും ഈശ്വരസാക്ഷാത്കാരം നേടി. ഈ അനുശാസനത്തെ ധ്യാനിക്കുന്നവർക്ക് ആത്മസാക്ഷാത്കാരം ലഭിക്കുന്നു.